**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 213** **12-01-2021 - ൽ മറുപടിയ്ക്ക്**

**ഗെയ്ൽ പൈപ്പ് ലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി. കെ. സി. മമ്മത് കോയ | | **Shri. Pinarayi Vijayan**<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത്ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ- മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതി കേരളത്തിൽ രണ്ടു ഘട്ടങ്ങളിലായാണ് നടപ്പിലാക്കിയത്. പദ്ധതിയുടെ ഒന്നാം ഘട്ടമായ 48 കി.മി കൊച്ചിയിൽ 2010ൽ ആരംഭിക്കുകയും 2013ൽ കമ്മീഷൻ ചെയ്യുകയും ചെയ്തു. KKBMPL PHASE - II, Kochi – Mangalore Pipeline പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കൊച്ചിയിൽ നിന്നും കൂറ്റനാട് വഴി മംഗലാപുരത്തേക്കുള്ള 450 കി.മി. പൈപ്പ് ലൈൻ 2016ൽ പുന:രാരംഭിച്ച് 2020 അവസാനത്തോടുകൂടി പൂർത്തിയാവുകയും, ആയത് ബഹുമാനപ്പെട്ട പ്രധാനമന്ത്രി 05.01.2021ന് രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്തു. KKBMPL PHASE-II, Koottanad– Walayar Pipeline കൂറ്റനാട് നിന്നും വാളയാർ വരെയുള്ള 94 കി.മി പൈപ്പ് ലൈൻ ലോവറിങ്ങ് പൂർത്തീകരിച്ചു. പൈപ്പ് ലൈനിന് അനുബന്ധമായ എസ്.വി/ഐ.പി സ്റ്റേഷനുകളുടെ വാൽവ് ഇറക്ഷൻ, എർത്ത് ഫില്ലിങ്ങ് മുതലായ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത പൈപ്പ് ലൈൻ 2021 മാർച്ച് 31നകം കമ്മീഷൻ ചെയ്യുവാനാണ് വിഭാവനം ചെയ്യുന്നത്. |
| (ബി) | ഈ സർക്കാർ വരുമ്പോൾഎത്ര ദൂരത്തിലാണ് പൈപ്പുകൾ സ്ഥാപിച്ചിരുന്നത് എന്ന് വിശദമാക്കാമോ ; | (ബി) | 513 കി.മി. ദൈർഘ്യമുള്ള കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതിയുടെ രണ്ടാം ഘട്ടം 2011ൽ ആരംഭിച്ചുവെങ്കിലും ചില എതിർപ്പുകൾ മൂലം നിർത്തിവെച്ച പദ്ധതി 2016ൽ പുന:രാരംഭിക്കുമ്പോൾ കൊച്ചി - മംഗലാപുരം പൈപ്പ് ലൈനിൽ 40 കി.മി വെൽഡിങ്ങും, 22 കി.മി ലോവറിങ്ങും പൂർത്തിയായിരുന്നു. അതു പോലെ 94 കി.മീറ്റർ ദൈർഘ്യമുള്ള കൂറ്റനാട്-വാളയാർ സെക്ഷനിൽ 9 കി.മി ലോവറിങ്ങ് പൂർത്തിയായിരുന്നു. |
| (സി) | ഈ സർക്കാർ പദ്ധതി എത്രത്തോളം പൂർത്തിയാക്കിയെന്ന് അറിയിക്കാമോ; | (സി) | കൊച്ചി-മംഗലാപുരം പൈപ്പ് ലൈനിന്റെ കേരളത്തിലെ മൊത്തം ദൈർഘ്യമായ 414 കി.മീറ്ററിൽ 40 കി.മി വെൽഡിങ്ങും 22 കി.മി |

| | | | |
|---|---|---|---|
| | | | ലോവറിങ്ങും ഒഴിച്ച് ബാക്കിയുള്ള മുഴുവൻ ജോലികളും ഈ സർക്കാരിന്റെ കാലയളവിലാണ് പൂർത്തീകരിച്ചത്. 94 കി.മീറ്റർ ദൈർഘ്യമുള്ള കുറ്റനാട് വാളയാർ സെക്ഷനിൽ 9 കി.മി ഒഴിച്ച് ബാക്കിയുള്ള 85 കി.മീറ്ററിലും പൈപ്പ് ലൈൻ സ്ഥാപിച്ചത് ഈ സർക്കാരിന്റെ കാലയളവിലാണ്. 94 കി.മി. പൈപ്പ് ലൈനിന്റെ മെക്കാനിക്കൽ കംപ്ലീഷൻ ഇതിനോടകം പൂർത്തീകരിച്ച് കഴിഞ്ഞു. കമ്മീഷനിങ്ങിന് മുന്നോടിയായിട്ടുള്ള ഹൈഡ്രോ ടെസ്റ്റിങ്ങ് ജോലികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. |
| (ഡി) | പദ്ധതി പൂർത്തിയാക്കുമ്പോൾ അത് ജനജീവിതത്തെ ഏതൊക്കെ തരത്തിൽ അഭിവൃദ്ധിപ്പെടുത്തും എന്നതു സംബന്ധിച്ച വിവരണം നല്കാമോ? | (ഡി) | ഇന്ത്യയിലെ പ്രധാനപ്പെട്ട അടിസ്ഥാന വികസന പദ്ധതികളിൽ ഒന്നാണ് ഗെയിൽ നടപ്പിലാക്കിയ കൊച്ചി - കുറ്റനാട് - ബാംഗ്ലൂർ - മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതി. പൈപ്പ് ലൈൻ പദ്ധതി യാഥാർത്ഥ്യമായതോടുകൂടി ചെലവ് കുറഞ്ഞതും, സുരക്ഷിതവും അന്തരീക്ഷ മലിനീകരണം വളരെ കുറഞ്ഞതുമായ ഇന്ധനം ഗാർഹിക ആവശ്യങ്ങൾക്കും വാഹനങ്ങൾക്കും വ്യവസായ ശാലകൾക്കും ലഭ്യമാവുന്നതാണ്. ഇത് കൂടാതെ പ്രകൃതി വാതകം സംസ്ഥാനത്തെ ചെറുകിട- വൻകിട വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്നതിലൂടെ ഇന്ധന ചെലവ് വളരെയധികം ലാഭിക്കുവാൻ സാധിക്കുന്നതും അപ്രകാരം സംസ്ഥാനത്തിന്റെ വ്യാവസായിക കുതിപ്പിന് ഉത്തേജനം നല്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ